കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.3)1058/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തിയ്യതി: 18/09/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:-കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-12, 3-1, 3-12 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.3)1058/19 തീയതി: 18/09/2019

## തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിലെ 14.09.18 മുതൽ 03.07.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2018-19 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ലത.എം.എൻ. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 4.7.2019 മുതൽ 12.7.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാബു.പി.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | പ്രശാന്ത്.ടി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സ്റ്റാൻലി പി.എസ്., സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ജീജോ ജോബ്, ഓഡിറ്റർ |
| | രേഖ.ഇ.സി., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി.ജെ.ആന്റോ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.കെ.രവീന്ദ്രൻ | 01.04.2018 മുതൽ 29.9.18 വരെ |
| | ശ്രീമതി.ദീപ.എം.കെ. (അധിക ചുമതല) | 30.9.18 മുതൽ 07.10.18 വരെ |
| | ശ്രീ.ഷിപുദാസ്.കെ. | 08.10.18 മുതൽ 13.3.19 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി.ദീപ.എം.കെ. (അധിക ചുമതല) | 14.3.19 മുതൽ 31.3.19 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ. ബിനൂപ് .കെ.സി. | 01.04.2018 മുതൽ 25.6.2018 വരെ |
| | ശ്രീമതി ദീപ.എം.കെ. | 26.06.2018 മുതൽ 31.3.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി മീന മാത്യൂ | 01.04.2018 മുതൽ 27.7.2018 വരെ |
| | ശ്രീമതി സ്മിത സി. ഫ്രാൻസിസ് | 28.7.2018 മുതൽ 30.9.2018 വരെ |
| | ശ്രീമതി മായാദേവി. ആർ. | 1.10.2018 മുതൽ 31.3.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി നിമിഷ വി. കൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | ഡോ.ചിന്ത കെ.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. രമ്യ എസ്.പിള്ള | 01.04.2018 മുതൽ 04.02.2019 വരെ |
| | ഡോ.സ്മൃതി പി.എസ്. | 05.02.2019 മുതൽ 28.02.2019 വരെ |
| | ഡോ. രമ്യ എസ്.പിള്ള | 01.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. ആഗ്നസ് ക്ലീറ്റസ് | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 03.04.2018 വരെ |
| | ഡോ.എസ്.കെ. രേണു | 04.04.2018 മുതൽ 30.04.2018 വരെ |
| | ഡോ. ആഗ്നസ് ക്ലീറ്റസ് | 01.05.2018 മുതൽ 28.8.2018 വരെ |
| | ഡോ.എം.ആർ.ലിജി | 29.8.2018 മുതൽ 06.10.2018 വരെ |
| | ഡോ. ആഗ്നസ് ക്ലീറ്റസ് | 07.10.2018 മുതൽ 06.11.2018 വരെ |
| | ഡോ.അഭിലാഷ് എം.ജെ. | 07.11.2018 മുതൽ 30.11.2018 വരെ |
| | ഡോ. ആഗ്നസ് ക്ലീറ്റസ് | 01.12.2018 മുതൽ 31.01.2019 വരെ |
| | ഡോ.കെ.വി.പി. ജയകൃഷ്ണൻ | 01.02.2019 മുതൽ 06.03.2019 വരെ |
| | ഡോ. ആഗ്നസ് ക്ലീറ്റസ് | 07.03.2019 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.പത്മജ പി.ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി മല്ലിക എ.ആർ. | 01.04.2018 മുതൽ 30.4.2018 വരെ |
| | ശ്രീമതി ജോയ്സി കെ.ഐ. | 01.05.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ | ശ്രീമതി രേഖ എം.ആർ. (കൈപ്പറമ്പ് സർക്കിൾ) | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| | ശ്രീമതി സിന്ധു പി. (പേരാമംഗലം സർക്കിൾ) | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശ്രീമതി ശ്രീകല കെ. | 01.04.2018 മുതൽ 03.04.2018 വരെ |
| | ശ്രീമതി ഐശ്വര്യമോൾ ഫ്രാൻസിസ് | 04.04.2018 മുതൽ 01.05.2018 വരെ |
| | ശ്രീമതി ശ്രീകല കെ. | 02.05.2018 മുതൽ 25.07.2018 വരെ |
| | ശ്രീമതി പൂർണ്ണിമ കെ.ദാസ് | 26.07.2018 മുതൽ 04.08.2018 വരെ |
| | ശ്രീമതി സഹീറ പി. | 05.08.2018 മുതൽ 28.08.2018 വരെ |
| | ശ്രീമതി പൂർണ്ണിമ കെ.ദാസ് | 29.8.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സുഷമ സി.വി. | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം – 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ടെണ്ടർ ഫീസ് ലഭ്യമായില്ല | 2-1 |
| 14 | ഡി ആന്റ് ഓ ലൈസൻസ് അപാകതകൾ | 2-2 |
| 15 | തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല | 2-3 |
| | ഭാഗം – 3 | |
| 16 | പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും നിർവ്വഹണത്തിലുമുള്ള ന്യൂനതകൾ | 3-1 |
| 17 | കൊള്ളന്നൂർ പട്ടികജാതി കോളനി സാംസ്കാരികനിലയം പുനരുദ്ധാരണത്തിന് പഞ്ചായത്ത് നൽകിയ വിഹിതത്തിൽ തുക ബാക്കി നിൽക്കുന്നുണ്ടെങ്കിൽ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 3-2 |
| 18 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം (സ്പിൽ ഓവർ, S0149/19) പദ്ധതി- അധികനിരക്ക് നൽകി | 3-3 |
| 19 | ശാരീരികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അവ്യക്തമായ രീതിയിൽ തുക കണക്കാക്കി | 3-4 |
| 20 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-5 |
| 21 | വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകതകൾ | 3-6 |
| 22 | നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കുന്നു. | 3-7 |
| 23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-8 |
| 24 | പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം | 3-9 |
| 25 | കാനനിർമ്മാണ പ്രൊജക്ടുകളിൽ നിന്നും ലഭ്യമായ മണ്ണ് വിനിയോഗിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമായില്ല | 3-10 |
| 26 | നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിങ്ങ് നടത്തിയിട്ടില്ല | 3-11 |
| 27 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗരഹിതമായി അക്കൗണ്ടുകളിൽ കിടക്കുന്നു | 3-12 |
| 28 | ബി.എസ്.എൻ.എൽ. റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് അടച്ചില്ല | 3-13 |
| 29 | ജി.എസ്.ടി. കോമ്പൻസേഷൻ കരാറുകാർക്ക് നൽകിയത്-പ്രവൃത്തി പൂർത്തിയാക്കിയ തിയതിയും നികുതി അടച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല | 3-14 |
| | ഭാഗം – 4 | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| | | |

| | | |
|---|---|---|
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |
| 41 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം –2 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 24.3.2018 തീയതിയിലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 13.2.2019 തീയതിയിലെ 1/1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 14.05.19 | ------ | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 11/07/19, 12/07/19 | കെ.എസ്.എ.ടി.എസ്.ആർ(എസ്.1) 1120/19(30) തീയതി.18.10.19 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് ₹ | 17,273,275 |
| വരവ് ₹ | 95,986,284 |
| ആകെ ₹ | 113,259,559 |
| ചെലവ് ₹ | 88,436,269 |
| നീക്കിയിരിപ്പ് ₹ | 24,823,290 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | -- | 15511000 | 15511000 | 14032504 | 1478496 (ലാപ്സായി) |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | -- | 6703000 | 6703000 | 6403925 | 299075 (ലാപ്സായി) |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | -- | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | -- | 9458000 | 9458000 | 9458000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | -- | 3244000 | 3244000 | 3244000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | --- | 7199000 | 7199000 | 7199000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) സംസ്ഥാനം&കേന്ദ്രം | | | -- | 0 | 0 | 0 | 0 |
| സാക്ഷരത | | | 9726 | 393 | 10119 | 0 | 10119 |
| ദുരിതാശ്വാസനിധി | | | 2026 | 36383 | 38409 | 0 | 38409 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 0 | 11765391 | 11765391 | 11765391 | 0 |
| | വിദഗ്ധ തൊഴിലാളികളുടെ കൂലി | | 0 | 567975 | 567975 | 567975 | 0 |
| | സാധന വില | | 0 | 1838178 | 1838178 | 1838178 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 14892 | 556158 | 571050 | 553420 | 17630 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടോട്ടൽ സാനിട്ടേഷൻ | | 65105 | 0 | 65105 | 65105 | 0 |
| | ഐ.സി.ഡി.എസ്. | | 465163 | 547856 | 1013019 | 467812 | 545207 |
| | പൈക്ക | | 8412 | 340 | 8752 | 0 | 8752 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി മിഷൻ ഗ്രാന്റ് | | 21350 | 25000 | 46350 | 16305 | 30045 |
| | ശ്മശാനം സഹായം | | 1832000 | 0 | 1832000 | 0 | 1832000 |
| | ശുചിത്വ മിഷൻ | | 0 | 1730517 | 1730517 | 180000 | 1550517 |
| | ബി.പി.എൽ എൻറോൾമെന്റ് | | 4018 | 0 | 4018 | 0 | 4018 |
| | യുവക്രീഡ ഖേൽ അഭിയാൻ | | 11509 | 0 | 11509 | 0 | 11509 |
| | സ്പോർട്സ് കോംപ്ലക്സ് | | 1117385 | 39612 | 1156997 | 0 | 1156997 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 0 | 4396753 | 4396753 | 2919320 | 1477433 |
| | ജില്ലാ പഞ്ചായത്ത് | | 151221 | 1455423 | 1606644 | 1455423 | refunded |
| ബി ഫണ്ട് | തൊഴിൽ രഹിതവേതനം | | --- | 112680 | 112680 | 112680 | 0 |
| | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | | -- | 90000 | 90000 | 90000 | 0 |
| | ഉത്പാദനബോണസ് | | --- | 298553 | 298553 | 298553 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 0 | 11126276 | 11126276 | 8028999 | 3097277 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | 1132277 | 595782 | 1728059 | 553432 | 1174627 |
| | | ജില്ല സഹകരണബാങ്ക് | 11608146 | 22113322 | 33721468 | 16049433 | 17672035 |
| | ട്രഷറി അക്കൗണ്ട് | STSB | 648859 | 16420660 | 17069519 | 16538101 | 531418 |
| | | JVSTSB | 151221 | 5852176 | 6003397 | 4525964 | 1477433 |
| | | | | | | | |

| | | VPFA | 1327 | 0 | 1327 | 0 | 1327 |
|---|---|---|---|---|---|---|---|

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 93271117 | 156 | 64151979 | 55 | 4 | 72.55 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 14892 | 556158 | 571050 | 553420 | 17630 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | --- | 12333366 | 12333366 | 12333366 | ---- |
| സാധനവില | --- | 1838178 | 1838178 | 1838178 | ---- |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 112680 | 122 |
| കർഷകതൊഴിലാളി പെൻഷൻ | 6661600 | 1549 |
| വിധവാപെൻഷൻ | 16854500 | 3951 |
| വാർദ്ധക്യകാലപെൻഷൻ | 23448600 | 5414 |
| വികലാംഗപെൻഷൻ | 4204600 | 955 |
| അവിവാഹിത പെൻഷൻ | 2715200 | 633 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 90000 | 3 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.19ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 23472/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് സാംഖ്യയിൽ സ്വയം നിയന്ത്രിതമായ ബജറ്ററി നിയന്ത്രണം നിലവിലില്ല.

2. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ടിംഗ് മാന്വൽ നിലവിലില്ല.

3. പഞ്ചായത്തിന്റെ ആസ്തികളുടെ ആധാരവും മറ്റ് രേഖകളും ചെസ്റ്റിൽ സൂക്ഷിക്കുന്നുണ്ട്. ആസ്തികളുടെ ആധാരത്തിന്റെ വിശദാംശങ്ങൾ ഒരു രജിസ്റ്ററിലും രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ഈ രജിസ്ററിൽ മുഴുവൻ ആസ്തികളുടെയും ആധാരം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെങ്കിലും രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണവും അപാകതകൾ ഉള്ളതുമാണ്.

5. കാഷ് ബുക്കിലെ ഓരോ രേഖപ്പെടുത്തലും അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല. 22.1.2019-ന ശേഷം കാഷ് ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

6. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിൽ തിരിച്ചുനൽകാത്ത ഡെപ്പോസിറ്റുകളുടെ സംഗ്രഹം വർഷാന്ത്യത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

7. നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
8. സോഫ്റ്റ്‌വെയറുകളിൽ ധാരാളം പോരായ്മകൾ നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
1. സാംഖ്യ,സൂചിക,സൂചിക ബാക്ക് ഓഫീസ്, സചിത്ര, സ്ഥാപന എന്നീ ഓഫീസ് മൊഡ്യൂളുകൾ പൂർണ്ണമായി വെബ് അധിഷ്ഠിതമല്ല. സചിത്ര സോഫ്റ്റ്‌വെയർ ആസ്തികളുടെ കണക്ക് തയ്യാറാക്കുന്നതിനായാണ് നിർമ്മിച്ചിരിക്കുന്നതെങ്കിലും ആസ്തിയുടെ ഡിപ്രീസിയേഷൻ കണക്കാക്കുന്നതിന് സാധിക്കുന്നില്ല.
2. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാത്തതിനാൽ സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കുന്ന വസ്തുനികുതിയുടെ ഡി.സി.ബി., വർഷാന്ത്യകണക്കുകളുമായി പൊരുത്തപ്പെടുത്താൻ വലിയ ബുദ്ധിമുട്ട് നേരിടുന്നു.
3. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങൾ കൂടി സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓൺലൈൻ സംവിധാനത്തിലേക്ക് മാറേണ്ടതുണ്ട്.
4. സങ്കേതം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട എൻ.ഒ.സി. അപേക്ഷകൾ മടക്കി നൽകുന്നതിന് കഴിയുന്നില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.5.2019 | 3/2019 | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.11.2018 | 2013-14 മുതൽ 2017-18 വരെ | 05.01.2019 |

# 1-12 2018-19 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)).

2. വസ്തു നികുതിയുടെ ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന വസ്തു നികുതി ഡിമാൻഡ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ ആയ "സാംഖ്യ" യിൽ ഡിമാൻഡ് ആയി ചേർക്കുന്നത്. വസ്തു നികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാഖ്യ" സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഇതിലെ രശീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാൻഡ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ

തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും സർവീസ് സെസിന്റെയും, ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും സാംഖ്യ സോഫ്റ്റ് വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷിക കണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 <u>തൻവർഷം</u>

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3075762 | 2698285 | 140170 | 253842 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3075762 | 2706444 | 144398 | *254393 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101 – Advance collection - PT on Res.bldng -ന്റെ ലെഡ്ജർ) | *(267113/105 x 100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2 നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3701922 | 3181945 | 156361 | 415689 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3701922 | 3133009 | 120888 | *415817 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410104 – Advance collection - PT on Res.bldng -ന്റെ ലെഡ്ജർ) | *(436608/105 x 100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2 <u>കുടിശ്ശിക</u>

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 365955 | 287157 | 88045 |
| വാർഷിക കണക്കിലെ വിവിധ | 290743 | 289485 | *88623 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് | (റസീറ്റ് & പേയ്മെന്റ് പത്രിക | ** (93054/105x100) |

| | | | |
|---|---|---|---|
| പത്രികകൾ പ്രകാരം | ഷെഡ്യൂൾ ബി-15) | , ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15) |

2.2.2 നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1446171 | 1208708 | 242969 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 168139 | 1233196 | 242858 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ** (255001/105x100) (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15) |

2.3 <u>വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി (തൻവർഷം</u>)

<u>2.3.1 റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 771875 | 676353 | 34701 | 64585 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 771875 | 684280 | 4074 | 64585 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101 – Advance collection 2017-18 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3.2 നോൺ റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 935542 | 795529 | 39349 | 103956 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 935542 | 783947 | 10903 | 103956 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104 – Advance collection 2017-18 ബാലൻസ് ഷീറ്റ് | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | | |
|---|---|---|---|---|
| | | | ഷെഡ്യൂൾ ബി-9) | |

<u>2.4 വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി (കുടിശ്ശിക)</u>

2.4.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 99522 | 72497 | 25117 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 90284 | 74502 | 25117 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15) |

2.4.2 നോൺ റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 374139 | 312753 | 61593 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 61044 | 318211 | 61593 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി -15) |

2.5 മേൽ പട്ടികകളിൽ “സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സിബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാൻഡ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല. ലൈബ്രറി സെസ്സിന്റെ കാര്യത്തിലും ഇത്തരം അപാകതകൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന തയ്യാറാക്കിയ കണക്കുകളിൽ കാണുന്നു.

2.6 2017-18 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 ൽ ഉൾപ്പെട്ട 350410101-Advance Collection of Revenues-Property tax on Residential Buildings, 350410104-Advance Collection of Revenues- Property tax on Non Residential Buildings എന്നീ ശീർഷകങ്ങളുടെ നീക്കിയിരിപ്പ് യഥാക്രമം 17,238/- രൂപയും, 44,178/- രൂപയും ആണ്. 2018-19 വർഷത്തിൽ 350410101-Advance Collection of Revenues-Property tax on Residential Buildings എന്ന ശീർഷകത്തിൽ നിന്ന് 431100101-Receivable for Property tax on Residential Buildings എന്ന ശീർഷകത്തിലേക്ക് 1,44,398/- രൂപയും, 350410104-Advance Collection of Revenues- Property tax on Non Residential Buildings എന്ന ശീർഷകത്തിൽ നിന്ന് 431100103-Receivable for Property tax on Non Residential Buildings എന്ന ശീർഷകത്തിലേക്ക് 1,20,888 രൂപയും ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ നടത്തിയിട്ടുണ്ട്. നീക്കിയിരിപ്പിൽ അധികരിച്ച തുക മുൻകൂർ ശീർഷകങ്ങളിൽ നിന്ന് റിസീവബിൾ ശീർഷകങ്ങളിലേക്ക് നടത്തിയത് അംഗീകരിക്കുന്നില്ല.

2.7 350410101-Advance Collection of Revenues-Property tax on Residential Buildings, 350410104-Advance Collection of Revenues- Property tax on Non Residential Buildings എന്നീ ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ ടി ശീർഷകങ്ങളിലേക്ക് 280100101-Prior period Income-Property tax on residential Building, 280100104-Prior period Income- Property tax on non residential Builidings എന്നീ ശീർഷകങ്ങളിൽ നിന്ന് യഥാക്രമം 1,63,207/- രൂപയും, 76,710/- രൂപയും ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയിട്ടുണ്ട്. ഇത്തരം രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2.8 01.04.2018 -ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാൻഡ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്മെന്റ് രജിസ്റ്റർ, അസസ്മെന്റ് ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റിന്റെ അടിസ്ഥാനത്തിൽത്തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിത്തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. എന്നാൽ "110100101/110100103-Property tax on residential/non residential building” എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 01/04/18, 13/08/18 തീയതികളിൽ രണ്ട് തവണ മാത്രം രേഖപ്പെടുത്തിയതായി കാണുന്നു. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തി വരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിനാൽ പുതിയ കെട്ടിടങ്ങളുടെ അസസ്മെന്റ്, നിയമ പ്രകാരമുള്ള എഴുതിത്തള്ളൽ, റമിഷൻ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധരേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

മേൽക്കാരണങ്ങളാൽ വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തു ന്നില്ല.

3. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം " 280000000-Prior period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31.03.2018ലെ ബാക്കി |
|---|---|
| 280100101-Prior period income – Property tax on residential buildings | 86099 |
| 280100104-Prior period income – Property tax on Non - residential buildings | (1254707) |
| 280100105-Prior period income – service cess on residential building | (7330) |
| 280100106-Prior period income- service cess on non residential building | (295321) |
| 280100102-Prior period income – Profession tax-Institutions/Professionals/Traders | (11680) |
| 280200201-Prior period income – Licence Fees | (3000) |
| 280200401-Prior period income – Other Incomes | (1594227) |
| 280200501-Prior period income – Program expenses | (1335) |

4. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

5 .ഇ.എം.എസ് ഭവന പദ്ധതിയുടെ വായ്പ രജിസ്റ്റർ, വായ്പ പാസ്ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. പാസ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

6 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ " Net Increase in cash and cash equivalent" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 75,50,015/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by operating + investing + financing activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 90,78,080/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെണ്ടർ ഫീസ് ലഭ്യമായില്ല

പഞ്ചായത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് 2018 വരെ നിക്ഷേപിക്കപ്പെട്ടിരുന്നത്. 2018 ന ശേഷം ടെണ്ടർ ഫീസ് അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് നിക്ഷേപിക്കപ്പെടുന്നത്. ടെണ്ടർ ഫീസിനത്തിൽ ലഭിക്കുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനമാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ച 20456 രൂപ 17.6.2019-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും 162240 രൂപ ലഭിക്കാനുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മേൽ തുക ലഭ്യമാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 8/11.7.2019)

## 2-2 ഡി ആന്റ് ഓ ലൈസൻസ് അപാകതകൾ

I)പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

1. റേഷൻ കടകൾ -8
2. കള്ളുഷാപ്പുകൾ -4
3. ഓഡിറ്റോറിയങ്ങൾ/കല്യാണമണ്ഡപങ്ങൾ-6
4. സസ്യ നഴ്സറികൾ-3

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 10/18-19 dt 11.07.19 മറുപടിയിൽ ഒരു ഓഡിറ്റോറിയം മാത്രമേ ഡി&ഓ ലൈസൻസ് എടുത്തിട്ടുള്ളൂ എന്ന് വ്യക്തമാകുന്നു.

<u>II)ട്രെയ്ഡേഴ്സ് ലിസ്റ്റ് അപൂർണ്ണം</u>

ഡി.സി.ബി രജിസ്റ്റർ പ്രകാരം 718 സ്ഥാപനങ്ങളിൽ നിന്നാണ് ഡി ആന്റ് ഒ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്. എന്നാൽ വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം 718 ആണ്. ട്രെഡേഴ്സ് ലിസ്റ്റ് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്താതെ ഡി.സി.ബി രജിസ്റ്റർ (ഡി &ഒ) അപ്രകാരം തന്നെ പകർത്തിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി &ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഫീൽഡ് വിസിറ്റ് നടത്തി ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി

സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, കേരള പഞ്ചായത്തീ രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 2-3 തൊഴിൽനികുതി പിരിച്ചെടുത്തിട്ടില്ല

I)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ചില സ്ഥാപനങ്ങളിലെ തൊഴിൽനികുതി റിട്ടേൺ സമർപ്പിച്ച ജീവനക്കാരുടെ എണ്ണവും ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളിലെ എണ്ണവും വ്യത്യാസപ്പെട്ടിരിക്കുകയോ ഡിമാന്റ് ചെയ്യാതിരിക്കുകയോ ചെയ്തിരിക്കുന്നു. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടം ഉണ്ടാകുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.07 /10-07-2019) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം | ഡി ആന്റ് ഒ അപേക്ഷ പ്രകാരമുള്ള എണ്ണം |
|---|---|---|
| 1 | ബ്ലാക്ക് സ്വാൻ ഡ്രസ്സ് കെയർ ആൻഡ് ഡ്രൈ ക്ലീനേഴ്സ് pvt ltd, പേരാമംഗലം | 41 |
| 2 | അനിൽ ട്രേഡേഴ്സ്, വരടിയം 8/ 362 | 21 |
| 3 | ദുർഗ ഫ്യൂയൽസ് പെട്രോൾ പമ്പ് | 9 |
| 4 | ക്വാളിറ്റി പ്രിന്റേഴ്സ്, കൈപ്പറമ്പ് | 10 |
| 5 | ശ്രീഭദ്ര എന്റർപ്രൈസസ്, അഞ്ഞൂർ v/660 C,D,E | 8 |
| 6 | ഗംഗ ഓട്ടോ ഫ്യൂയൽസ് | 8 |
| 7 | K.R.ട്രേഡിങ്ങ്, പേരാമംഗലം(12/207) | 18 |
| 8 | SUPER BRIGHT ലൗണ്ടറി ഡ്രൈക്ലീനേഴ്സ്, അഞ്ഞൂർ | 12 |
| 9 | ട്രിച്ചൂർ പോളിമേഴ്സ്, പേരാമംഗലം (7/363) | 9 |
| 10 | സണ്ണി മാർക്കറ്റിംഗ്, പേരാമംഗലം(7/ 369 ) | 7 |

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 205(സി) പ്രകാരം സെക്രട്ടറിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭിച്ച ലിസ്റ്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും, കമ്പനികളുടെയും, തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികളുടെയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

II) പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കാത്തതായി കാണുന്നു.

1. റേഷൻ കടകൾ -8
2. കള്ളുഷാപ്പുകൾ - 4
3. ഓഡിറ്റോറിയങ്ങൾ /കല്യാണമണ്ഡപങ്ങൾ- 6
4. സസ്യനഴ്സറികൾ -3

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/18-19 dt 11.07.19 മറുപടിയിൽ ഒരു ഓഡിറ്റോറിയം മാത്രമേ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ അടവാക്കുന്നതേയുള്ളൂ എന്ന് വ്യക്തമാക്കുന്നു.

III) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | അടവാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | ആരോമൽ ഫോഴ്സ് | 2 |
| 2. | റിലയൻസ് SMS LTD | 1 |

ടി തൊഴിൽ നികുതി എത്രയും വേഗം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-ബി പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിലെടുക്കുന്ന എല്ലാ വ്യക്തികൾക്കും ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽനികുതി പിരിച്ചെടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തി തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും നിർവ്വഹണത്തിലുമുള്ള ന്യൂനതകൾ

എ) പഴമുക്ക് ഗവ. എൽ.പി. സ്കൂളിൽ കുട്ടികളുടെ പാർക്ക് പൂർത്തീകരണം (S0117/19), കുടുംബാരോഗ്യകേന്ദ്രം പരിസരത്ത് ശിശുസൗഹൃദ പാർക്ക് (S0062/19) പദ്ധതികൾ

മേൽസൂചിപ്പിച്ച പദ്ധതികളിൽ ആദ്യത്തേത് വിദ്യാഭ്യാസമേഖയിലും രണ്ടാമത്തേത് കലാസാംസ്കാരിക കായികവികസനം, യുവജനക്ഷേമം എന്ന മേഖലയിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 വർഷത്തേക്ക് ബാധകമായ പദ്ധതിമാർഗ്ഗരേഖ സ.ഉ (കൈ) നം. 11/2018/തസ്വഭവ തി.20.01.18, ഖണ്ഡിക 7.6 പ്രകാരം വിദ്യാഭ്യാസമേഖലയിൽ ജൈവവൈവിധ്യ ഉദ്യാനത്തിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. 13.07.2019-ന് സ്കൂളിൽ നടത്തിയ ഭൗതികപരിശോധനയിൽ കുട്ടികൾക്ക് കളിക്കുന്നതിനുള്ള വിവിധ കളിയുപകരണങ്ങൾ സ്ഥാപിച്ചതാണ് കണ്ടത്. മാലിന്യസംസ്കരണപരിപാടി, ഊർജ്ജസംരക്ഷണപരിപാടി, ഫർണ്ണിച്ചർ ലഭ്യമാക്കൽ, യൂറിനലുകളും ടോയ്‌ലറ്റുകളും സ്ഥാപിക്കൽ എന്നീ ആവശ്യങ്ങൾക്ക് പദ്ധതിമാർഗ്ഗരേഖ പ്രകാരം വിദ്യാലയങ്ങളിൽ മുൻഗണന നൽകേണ്ടതുണ്ട്.

കുടുംബാരോഗ്യകേന്ദ്രപരിസരത്ത് ശിശുസൗഹൃദപാർക്ക് സ്ഥാപിക്കുന്ന പദ്ധതി കലാസാംസ്കാരിക കായികവികസനം, യുവജനക്ഷേമം എന്ന മേഖലയിൽ ഉൾപ്പെടുത്തിയത് ശരിയല്ല. സ.ഉ (കൈ) നം. 11/2018/തസ്വഭവ തി. 20.01.18, ഖണ്ഡിക 7.10 (കായികവിനോദ സൗകര്യങ്ങൾ), ഖണ്ഡിക 7.11(കലയും സംസ്കാരവും) എന്നിവയിലൊന്നും ഈ പദ്ധതി ഏറ്റെടുക്കുന്നതിനുള്ള വ്യവസ്ഥകൾ കാണുന്നില്ല. കായികമേഖലയുടെ വളർച്ചക്ക് ഉതകുന്ന രീതിയിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഈ മേഖലയിൽ ഉൾപ്പെടുത്തുന്ന പദ്ധതികൾ ഊന്നൽ നൽകേണ്ടത്. ആയതിനാൽ, പദ്ധതികൾ ആവിഷ്കരിക്കുന്നതിലും രൂപീകരിക്കുന്നതിലും പദ്ധതിമാർഗ്ഗരേഖയെ അടിസ്ഥാനമാക്കി മേഖലാമുൻഗണനകൾ പാലിക്കേണ്ടതാണ്.

ബി) സ്പിൽ ഓവർ പദ്ധതികളുടെ രൂപീകരണം

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിൽ 20 സ്പിൽ ഓവർ പദ്ധതികൾ തുക വകയിരുത്താതെയോ ഒരു രൂപ വകയിരുത്തിയോ ആണ് ആവിഷ്കരിച്ചിരിക്കുന്നത് (സുലേഖ ചെലവുപത്രിക പ്രകാരം). ഭൂജലവകുപ്പിൽ നിക്ഷേപപ്രവൃത്തികളായി 2017-18 വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാലാണ് ഇവ സ്പിൽ ഓവർ പദ്ധതികളാക്കിയതെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരണം നൽകിയിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾ സംബന്ധിച്ച് പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് യോജിക്കുന്ന രീതിയിൽ പദ്ധതി രൂപീകരണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

സി) എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സാങ്കേതികാനുമതി ലഭ്യമാക്കൽ

ഭൂജലവകുപ്പ് മുഖേന നിക്ഷേപപ്രവൃത്തികളായി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളിൽ പദ്ധതി ഭേദഗതി മൂലമോ മറ്റുകാരണങ്ങളാലോ അധികതുക നൽകേണ്ടിവരുമ്പോൾ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് സാങ്കേതികാനുമതി ലഭ്യമാക്കുന്നതായി കാണുന്നില്ല.

ഡി) പദ്ധതികളുടെ സമഗ്രമായ രൂപീകരണം

കുടിവെള്ളപദ്ധതികൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ല. ഉദാഹരണത്തിന്, 2017-18 വർഷത്തെ പദ്ധതികളായ പേരാമംഗലം ഹൈസ്കൂൾ റോഡ് കുടിവെള്ളപദ്ധതി (S0181/18), മജ്‌ലിസ് കുടിവെള്ളപദ്ധതി (S0183/18) എന്നിവയിൽ കുഴൽകിണർ നിർമ്മാണവും പമ്പ്സെറ്റ് സ്ഥാപിക്കലും ആ വർഷം നടപ്പിലാക്കി. 2018-19 വർഷം പുതിയ പദ്ധതികൾ രൂപീകരിച്ചാണ് (S0042/19, S0044/19) സംഭരണടാങ്ക് സ്ഥാപിക്കുന്നത്. ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തികവർഷത്തിൽ തീർക്കാൻ കഴിയാത്ത പദ്ധതികൾ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.5.2 പ്രകാരം ബഹുവർഷപദ്ധതികളായി വിഭാവനം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ, ഇപ്രകാരം ചെയ്തുവരുന്നില്ല.

ഇ) ഭൂജലവകുപ്പിന് കൈമാറുന്ന തുകകളെ സംബന്ധിച്ച് പദ്ധതിയടിസ്ഥാനത്തിൽ തരംതിരിച്ച് കണക്കുകൾ സൂക്ഷിക്കുന്നില്ല. ഒരു പദ്ധതിക്കായി അധികത്തുക ആവശ്യമായി വരുമ്പോൾ ഭൂജലവകുപ്പ് ആയത് മറ്റുപദ്ധതികൾക്കായി നിക്ഷേപിച്ച തുകയിൽ നിന്നെടുക്കുന്നു. എന്നാൽ, ഏത് പദ്ധതിയിൽ നിന്നെടുത്തു എന്ന കാര്യം വ്യക്തമാക്കുന്നില്ല. വാർഷികകണക്കുകൾ പ്രകാരം വകുപ്പിന് കൈമാറിയ തുക 17,00,000/- ആണ്. എന്നാൽ, ഈ തുകയുടെ കൃത്യത ബോധ്യപ്പെടാനായിട്ടില്ല.

# 3-2 കൊള്ളന്നൂർ പട്ടികജാതി കോളനി സാംസ്കാരികനിലയം പുനരുദ്ധാരണത്തിന് പഞ്ചായത്ത് നൽകിയ വിഹിതത്തിൽ തുക ബാക്കി നിൽക്കുന്നുണ്ടെങ്കിൽ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

മേൽ പദ്ധതിക്കായി (S0169/19) പുഴക്കൽ ബ്ലോക്ക് പഞ്ചായത്തിന് 2017-18 വർഷം നൽകിയ 10,00,000/- രൂപയിൽ 2,46,977/- രൂപ ചെലവഴിച്ചിട്ടില്ലായെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 20.05.19-ലെ ബി.268(34/19)/2018 നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ബ്ലോക്ക് പഞ്ചായത്ത് ഈ തുക 2018-19 വർഷത്തിൽ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ, ബാക്കി നിൽക്കുന്ന മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ സ്പഷ്ടമായ വിവരം ലഭിച്ചിട്ടില്ല. ആയതിനാൽ, ചെലവഴിക്കാതെയുള്ള തുകയുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-3 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം (സ്പിൽ ഓവർ, S0149/19) പദ്ധതി- അധികനിരക്ക് നൽകി

ട്രഷറി ബിൽ നമ്പർ : 03/31.05.18 (തുക – 1,50,000/-)

സാംഖ്യ ബിൽ റഫറൻസ് നമ്പർ : 18130152028100167264

നിർവ്വഹണ ഉദ്യോഗസ്ഥ: അസിസ്റ്റന്റ് സെക്രട്ടറി

മേൽ നൽകിയ വിശദാംശങ്ങൾ പ്രകാരം ശ്രീമതി.പത്മിനി ഹരിദാസിന്റെ മകൾ സേതുലക്ഷ്മിയുടെ വിവാഹത്തിന് 75,000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതിക്കാലം ആരംഭിക്കുന്ന 01.04.2017 മുതൽ 75,000/- രൂപ നൽകാവുന്നതാണ്. പ്രസ്തുത വിവാഹം പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കാലയളവിലുള്ള 01.02.2017-നാണ് നടന്നിട്ടുള്ളത്. അക്കാലയളവിൽ വിവാഹധനസഹായമായി 50,000/- രൂപയാണ് നൽകാവുന്നത്. 2016-17 വർഷം നടന്നതും യഥാസമയം ധനസഹായം വിതരണം ചെയ്തതുമായ കേസുകളിൽ 50,000/- രൂപ മാത്രം ലഭിക്കുകയും വിവിധകാരണങ്ങളാൽ ആനുകൂല്യവിതരണം വൈകിയപ്പോൾ അധികം ആനുകൂല്യം ലഭിക്കുകയും ചെയ്ത ഒരു സ്ഥിതി ഇതുമൂലം ഉണ്ടാവുന്നുണ്ട്. ഈ സാഹചര്യം അഭിലഷണീയമല്ല. അധികം നൽകിയ തുക 25,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-4 ശാരീരികവെല്ലുവിളി നേരിടുന്നവർക്ക്

# സ്കോളർഷിപ്പ് - അവ്യക്തമായ രീതിയിൽ തുക കണക്കാക്കി

(വൗച്ചർ നമ്പർ : 21801449 തി. 15.03.19)

ശാരീരികവെല്ലുവിളി (കാലുകളുടെ വൈകല്യം മൂലം) നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി തുക കണക്കാക്കിയതിൽ അപാകതകൾ കാണുന്നു. താഴെ കൊടുത്തിട്ടുള്ള പട്ടിക കാണുക.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന ക്ലാസ്സ്, അർഹതയുള്ള പ്രതിമാസ സ്കോളർഷിപ്പ് | ആകെ നൽകാവുന്ന സ്കോളർഷിപ്പ് | അർഹതയുള്ള വാർഷിക ബത്ത | യാത്രാബത്ത (യഥാർത്ഥ ചെലവ് സ്ഥാപനത്തിന് നൽകേണ്ടത് - കാലുകളുടെ വൈകല്യമുള്ള കുട്ടികൾക്ക് മാത്രം) | ആകെ നൽകാവുന്ന തുക | നൽകിയ തുക | വ്യതാസം |
|---|---|---|---|---|---|---|---|
| അർജ്ജുൻ.യു.എസ് | VIII 500 | 6000 | 600 | സ്ഥാപനത്തിന് തുക നൽകിയിട്ടില്ല | 6600 | 7600 | 1000 |
| അഭിരാംകൃഷ്ണ.എസ്.എസ് | V 500 | 6000 | 600 | " | 6600 | 7600 | 1000 |
| അഞ്ജന പോളി | IX 600 | 7200 | 800 | “ | 8000 | 8800 | 800 |
| അഭിമരിയ.എം.എസ് | VII 500 | 6000 | 600 | “ | 6600 | 7350 | 750 |
| ആദിത്യൻ എം.എസ് | VI 500 | 6000 | 600 | “ | 6600 | 7600 | 1000 |
| സഞ്ജയ് ജനാർദ്ദനൻ | +1 600 | 7200 | 800 | “ | 8000 | 8800 | 800 |
| അഖില അനിൽ | Degree 1000 | 12000 | 1000 | “ | 13000 | 15000 | 2000 |
| ദേവനന്ദൻ.ഒ.എസ് | VI 500 | 6000 | 600 | “ | 6600 | 7600 | 1000 |
| മേരി മരിയ.എം.ജെ | X 600 | 7200 | 800 | “ | 8000 | 8800 | 800 |
| ആകെ | | | | | | | 9150 |

ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള (12/11.07.2019) മറുപടിയിൽ വ്യത്യാസം കാണുന്ന തുക യാത്രാബത്ത ഇനത്തിലുള്ളതാണെന്നും രേഖ ഹാജരാക്കാമെന്നും വ്യക്തമാക്കിയിട്ടുണ്ട്. യാത്രാബത്ത സ്ഥാപനത്തിനാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്തിട്ടുണ്ട്. ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടുമില്ല. ഇക്കാരണങ്ങളാൽ, 9150/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി മരുന്നുകൾ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.ന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിശോധനയിൽ നാളിതുവരെയായി നൽകിയ മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം/പദ്ധതിയുടെ പേര് | ബിൽ നം/ തിയതി | കൈമാറിയ തുക |
|---|---|---|---|
| 1. | 15/19<br>പി.എച്ച്.സി.യിലേക്ക് രോഗനിർണ്ണയ നിയന്ത്രണ ചികിത്സാ ഉപാധികളും സാമഗ്രികളും വാങ്ങൽ | 09/18-19 തീയതി 05/09/18 | 200000 |
| 2 | 20/19<br>സാന്ത്വനം-സാന്ത്വന പരിചരണ പരിപാടി | 16/18-19 തീയതി 07/03/19 | 260216 |
| 3 | 196/19<br>പി.എച്ച്.സി.യിലേക്ക് രോഗനിർണ്ണയ നിയന്ത്രണ ചികിത്സാഉപാധികളും സാമഗ്രികളും വാങ്ങൽ | 03/18-19 തീയതി 30/05/18 | 128231 |

ലഭ്യമാക്കാനുള്ള മരുന്നുകളുടെ തുക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ നൽകുന്നതിനും, മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനും ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 18/16-07-19) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ കൈപ്പറ്റിയ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ മരുന്നുകൾ വാങ്ങുന്നതിന് ചെലവഴിച്ച 5,88,447/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 വാങ്ങൽ നടപടി ക്രമങ്ങളിലെ അപാകതകൾ

പദ്ധതിയുടെ പേര് : പി.എച്ച്.സി.യിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ
പ്രൊജക്റ്റ് നമ്പർ : 26/18-19
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 3 അലമാര, 1 മേശ, 1 റാക്ക് എന്നിവ ശ്രീദുർഗ്ഗ സ്റ്റീൽ ഫർണിച്ചർ വർക്സ്, പേരാമംഗലം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(പി)നം.259/2010/തസ്വഭവ തീയതി 08.11.10) പ്രകാരം മതിപ്പ് വില 5000/- ന് മുകളിലും 25000/- രൂപയിൽ താഴെയും ഉള്ള വാങ്ങലുകൾക്ക് അറിയപ്പെടുന്ന വിതരണക്കാരിൽ നിന്നും മൂന്ന് ക്വട്ടേഷനുകൾ സ്വീകരിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അറിയിപ്പ് നോട്ടീസ് ബോർഡിലും വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

എന്നാൽ ഫയലിൽ ക്വട്ടേഷൻ നോട്ടീസ്, ക്വട്ടേഷൻ രേഖകൾ മുതലായ രേഖകളൊന്നും ലഭ്യമല്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ വാങ്ങൽ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം.18/16-07-19) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 3-7 നിലവിലുള്ള ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കുന്നു.

പ്രൊജക്റ്റിന്റെ പേര്: ലാബിലേക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ
പ്രൊജക്റ്റ് നമ്പർ: 18/19

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

മേൽ പദ്ധതിക്കായി നോൺ റോഡ് മെയിന്റൻസ് ഗ്രാന്റിൽ നിന്നും 2,50,000/- രൂപയും തനത് ഫണ്ടിൽ നിന്നും 50,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതി മുഖേന 2,58,998/- രൂപ മുതൽ മുടക്കിൽ Haematology Analyzer എന്ന ഉപകരണം വാങ്ങിയിട്ടുണ്ട്. 2018-19 വർഷത്തിൽ മേൽ പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മെയിന്റൻസ് ഗ്രാന്റ് വിനിയോഗത്തിനുള്ള മാർഗ്ഗരേഖ (ജി.ഒ.(എം.എസ്)330/2004/തസ്വഭവ തീയതി 29.12.11 ) പ്രകാരം ആശുപത്രികൾക്ക് ആവശ്യമായ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഒരു ഉപകരണത്തിന് പരമാവധി 25000/- രൂപ മാത്രമേ വിനിയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് വിരുദ്ധമായി പദ്ധതി നടപ്പാക്കുന്നത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (18/16-7-19)മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും നിലവിലുള്ള ഉത്തരവുകൾക്ക് അനുസൃതമായി പദ്ധതി നടപ്പാക്കേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 3-8 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രൊജക്ടിന്റെ പേര് – എസ്.എസ്.എ വിഹിതം

പ്രൊജക്ട് നമ്പർ – 24/19

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ് മിസ്ട്രസ്, ജി.ഡബ്യു.എൽ.പി.എസ്

ചെലവ് വിവരങ്ങൾ : ബിൽ നം.1/18-19 തീയതി 20.06.19 – 7,00,000/- രൂപ

എസ്.എസ്.എ വിഹിതമായി 700,000/- രൂപ 2018-19 വർഷത്തിൽ എസ്.എസ്.എ ക്ക് കൈമാറിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുന്നതു വരെ ചെലവഴിച്ച തുകയായ 7,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-9 പ്രവൃത്തി പൂർത്തിയാക്കിയതിൽ കാലതാമസം

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം/പേര് : 144/18, 186/19, 180/20; പ്രാഥമികാരോഗ്യകേന്ദ്രം പുനരുദ്ധാരണം

വകയിരുത്തിയ തുക : 448000 (റോഡിതരസംരക്ഷണഗ്രാന്റ് )

100000(വികസനഫണ്ട് )

കരാറുകാരൻ : ശ്രീ. റോണി അഗസ്റ്റിൻ

കരാർ നം : 50/17-18/AE/lsgd/16.1.2018

ചെലവഴിച്ച തുക : 2017-18;65632 (ഒന്നാം പാർട്ട് ബിൽ)

ട.ബി.നം.17/10.10.18;₹34368 (രണ്ടാം പാർട്ട് ബിൽ)

ട.ബി.നം.18/10.10.18;₹145148 (രണ്ടാം പാർട്ട് ബിൽ)

അളവ് പുസ്തകം : 41/17-18,57/17-18

നിലവിലെ പുതിയ പ്രാഥമികാരോഗ്യകേന്ദ്രത്തിനോട് ചേർന്ന് കെട്ടിടത്തിന്റെ മുകൾ നിലയിലേക്ക് പ്രവേശിക്കുന്നതിനായി ഗോവണി മുറി നിർമ്മിക്കുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടുന്നത്. വർക്ക് ഓർഡർ പ്രകാരം പ്രവൃത്തി നടത്തേണ്ട സ്ഥലം കൈമാറിയതിന് ശേഷം 4 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. 16.1.2018 നാണ് പ്രവൃത്തിയിടം കൈമാറിയത്. രണ്ടാം പാർട്ട് ബിൽ പ്രകാരം 245148 രൂപയുടെ പ്രവൃത്തിയാണ് പൂർത്തിയാക്കിയിരിക്കുന്നത്. 25.5.2019 ൽ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും കാലയളവ് ദീർഘിപ്പിച്ച് നൽകുകയോ സപ്ലിമെന്ററി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ഒക്ടോബർ 2018 നാണ് രണ്ടാം പാർട്ട് ബിൽ നൽകിയിരിക്കുന്നത്. അതിന് ശേഷം പുരോഗതിയൊന്നും ഉണ്ടായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 8/11.7.2019 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി ഇപ്പോൾ പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ പിഴ ചുമത്തിയത്,

പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചത് എന്നിവയുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനം, സപ്ലിമെന്ററി കരാർ, പ്രവൃത്തിയുടെ അന്തിമബിൽ, അളവ് പുസ്തകം തുടങ്ങിയ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 3-10 കാന നിർമ്മാണ പ്രൊജക്ടുകളിൽ നിന്നും ലഭ്യമായ മണ്ണ് വിനിയോഗിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമായില്ല

തൻവർഷം നടപ്പാക്കിയ വിവിധ കാനനിർമ്മാണ പ്രോജക്ടുകളിൽ നിന്നും ലഭിച്ച മണ്ണ് മുഴുവൻ നിർമ്മാണയിടത്തിൽ 'back Filling' ന് ഉപയോഗിച്ചതായി അതാത് പ്രവൃത്തികളുടെ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഭരണസമിതിയെടുത്ത തീരുമാനം ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ/പേര്/ചെലവ് | അളവ് പുസ്തകം, പേജ് നം. | ലഭിച്ച മണ്ണിന്റെ അളവ് $m^3$ |
|---|---|---|---|
| 1. | 197/18,193/19; പഞ്ചായത്ത് മൃഗാശുപത്രിക്ക് സമീപം കാനനിർമ്മാണം ട്ര.ബി.നം.6/ 31.5.18; ₹399260 | 38/17-18,2 | 71.42 |
| 2. | 91/18,177/19; പേരാമംഗലം ഹൈസ്കൂൾ റോഡ് അഴുക്ക് ചാൽ നിർമ്മാണം 2017-18;₹717238 ട്ര.ബി.നം.29/ 28.12.18; ₹393873 | 37/13-14, 8 | 225.87 |
| | | 37/13-14, 44 | 38.819 |
| 3. | 139/19,195/20; വെളുത്തേടത്ത് കാവ് റോഡ് അഴുക്ക് ചാൽ നിർമ്മാണം ട്ര.ബി.നം.25/11.12.18 ; ₹180058, 2019-20; ₹119942 | 64/17-18,1 | 76.95 |
| 4. | 130/19; തേനാരി പാടം കാന നിർമ്മാണം, ട്ര.ബി.നം.24/ 6.2.19; ₹300000 | 65/17-18, 2 | 67.68 |
| 5. | 126/19;ശങ്കരംകണ്ടം മെഡിക്കൽ കോളേജ് റോഡിൽ കാന നിർമ്മാണം ട്ര.ബി.നം.22/ 11.12.18; ₹100000 ട്ര.ബി.നം.23/ 11.12.18; ₹199990 | 62/17-18,2 | 74.21 |
| 6. | 196/18,192/19; ഗ്രൗണ്ട് റോഡ് പാർട്ടി ഓഫീസ് വഴി കാന നിർമ്മാണം ട്ര.ബി.നം.2/ 1.6.18; ₹116376 | 27/17-18, 1 | 37.82 |
| 7. | 135/19; പെരിങ്ങന്നൂർ റോഡ് അഴുക്ക് ചാൽ നിർമ്മാണം ട്ര.ബി.നം.21/ 24.11.18; ₹281794 | 61/17-18,2 | 59.74 |
| | | 61/17-18,10 | 13.80 |
| 8. | 136/19; കൈപ്പറമ്പ് വേലിച്ചിറ ചെല്ലാഞ്ചേരിപ്പാടം റോഡ് അഴുക്ക് ചാൽ നിർമ്മാണം ട്ര.ബി.നം.20/ 23.11.18; ₹300000 | 60/17-18,2 | 68.62 |

| | | | |
|---|---|---|---|
| 9. | 138/19, കൊടക്കാട്ടുമന കഴുതക്കൈ റോഡ് അഴുക്ക് ചാൽ നിർമ്മാണം<br><br>ട്ര.ബി.നം.19/ 19.11.18; ₹300000 | 56/17-18,2 | 56.11 |
| | ആകെ | | 791.039 |

കാനനിർമ്മാണത്തിൽ നിന്നും ലഭിച്ച മണ്ണ് മുഴുവനും 'back Filling' ന് സാധാരണ നിലയിൽ ആവശ്യമില്ലാത്തതാണ്. കാന നിർമ്മാണം പോലെ ഫില്ലിംഗിനും മറ്റും അനുയോജ്യമായ മണ്ണ് കുഴിച്ചെടുക്കുന്ന പ്രവൃത്തികളിൽ മണ്ണിന്റെ വിനിയോഗം സംബന്ധിച്ച് വ്യക്തമായ തീരുമാനം ഭരണസമിതി എടുക്കേണ്ടതാണ്. മേൽ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 8/11.7.2019)

# 3-11 നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടത്തിയിട്ടില്ല

13-ാം പദ്ധതിയുടെ മാർഗ്ഗരേഖയായ 29.1.2018-ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ. യിലെ ഖണ്ഡിക 13.1 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മരാമത്ത് പ്രൊജക്ടുകളിൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച രീതിയിൽ മോണിട്ടറിംഗ് നടത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-12 പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ ഉപയോഗരഹിതമായി അക്കൗണ്ടുകളിൽ കിടക്കുന്നു

കൈപ്പറമ്പ് പഞ്ചായത്തിന് ചില പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വർഷങ്ങൾക്ക് മുമ്പ് ലഭിച്ച ചില ഗ്രാന്റുകൾ ചെലവഴിക്കാതെ ഇപ്പോഴും അക്കൗണ്ടിൽ സൂക്ഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ലഭിച്ച വർഷം | ഉദ്ദേശ്യം | നീക്കിയിരിപ്പ് തുക ₹ | അക്കൗണ്ട് | കുറിപ്പുകൾ |
|---|---|---|---|---|
| 2015 | ശ്മശാനം നിർമ്മിക്കുന്നതിന് ധനസഹായം | 1832000 | സഹകരണ ബാങ്ക് | തുക ലഭ്യമാകുന്നതിന് മുമ്പ് തന്നെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത് ക്രിമറ്റോറിയം നിർമ്മാണം പൂർത്തീകരിച്ചതിനാൽ ഈ തുക ഉപയോഗിച്ച് ക്രിമറ്റോറിയം നവീകരിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |
| 2018 | ബി.പി.എൽ എൻറോൾമെന്റ് | 4018 | | തുക തിരിച്ച് അടക്കുമെന്ന് അറിയിച്ചു. |
| 2006 | യുവക്രീഡ ഖേൽ അഭിയാൻ | 115509 | | മറുപടി ലഭ്യമായിട്ടില്ല |
| | | | | |

| | | | | |
|---|---|---|---|---|
| 2015 | സ്റ്റേഡിയം നിർമ്മാണം | 1137078 (പലിശയടക്കം) | ധനലക്ഷ്മി ബാങ്ക് | തിരിച്ചടക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |

മേൽ വിഷയത്തിൽ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 ബി.എസ്.എൻ.എൽ. റോഡ് റെസ്റ്റോറേഷൻ ചാർജ്ജ് അടച്ചില്ല

മുണ്ടൂർ-കൃഷിഭവൻ റോഡ്, മഠം-പഞ്ഞൻമൂല റോഡ് എന്നിവിടങ്ങളിൽ കേബിൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകുവാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് റെസ്റ്റോറേഷൻ ചാർജ്ജായി 686573 രൂപ അടക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറി, 28.12.2018 ലെ A4-6111/18 -ാം നമ്പർ കത്തിലൂടെ ബി.എസ്.എൻ.എൽ. ഡിവിഷണൽ എഞ്ചിനീയർ, OFC ഇൻസ്റ്റലേഷൻ, തൃശ്ശൂരിനെ അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ തുക അടവാക്കിയിട്ടില്ല. ശ്രീ.റെന്നി ആന്റണി എന്നയാൾക്ക് ബി.എസ്.എൻ.എൽ. കണക്ഷൻ എടുക്കുന്നതിലേക്കായി റോഡ് കട്ടിംഗ് നടത്തുന്നതിനായി അനുമതി ആവശ്യപ്പെട്ടതിനെ തുടർന്ന് റെസ്റ്റോറേഷൻ ചാർജ്ജായി 93613 രൂപ അടക്കാൻ ബി.എസ്.എൻ.എൽ നോട് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ തുകകൾ അടച്ചിട്ടില്ല. ഈ സഹചര്യത്തിൽ മേൽ പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ റോഡ് റെസ്റ്റോറേഷൻ ചാർജ്ജായി ലഭിക്കേണ്ട തുക ഈടാക്കാനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 ജി.എസ്.ടി. കോമ്പൻസേഷൻ കരാറുകാർക്ക് നൽകിയത്-പ്രവൃത്തി പൂർത്തിയാക്കിയ തിയതിയും നികുതി അടച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്റ്റ് നം: 209/18,194/19, പൊതുമരാമത്ത് പ്രവൃത്തികളുടെ ചരക്ക് സേവന നികുതി

വൗച്ചർ നം/തിയതി : 21800560/30.8.18; 321675

സ.ഉ.(അച്ചടി)നം.87/2017/തസ്വഭവ തിയതി 1.11.2017 പ്രകാരം 30.6.2017-ന് മുമ്പ് പൂർത്തിയാക്കി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ജി.എസ്.ടി. ബാധകമല്ല. ആയതിന് മൂല്യവർദ്ധിതനികുതി മാത്രമാണ് ബാധകം. എന്നാൽ 1.7.2017-ന് ശേഷം നടപ്പാക്കിയ എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ജി.എസ്.ടി. ബാധകമായിരിക്കുന്നതാണ്. ഉത്തരവിൽ പറയുന്ന പട്ടിക പ്രകാരമുള്ള ജി.എസ്.ടി. കോമ്പൻസേഷൻ പ്രവൃത്തികൾക്ക് അനുവദിക്കാമെന്നും വ്യവസ്ഥയുണ്ട്.

2017-18 ൽ പൂർത്തിയായ മരാമത്ത് പ്രവൃത്തികൾക്ക് നൽകാവുന്ന ജി.എസ്.ടി. കോമ്പൻസേഷൻ 3% നിരക്കിൽ മേൽ പ്രൊജക്റ്റ് അനുസരിച്ച് കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഓരോ കരാറുകാരനും തൻവർഷം നടത്തിയ പ്രവൃത്തികളുടെ പട്ടികയും അവക്ക് നൽകാവുന്ന കോമ്പൻസേഷനും കണക്കാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം എന്നാണ് പൂർത്തിയായത് എന്ന് പരിശോധിച്ചതായി കാണുന്നില്ല. മാത്രമല്ല ജി.എസ്.ടി.കോമ്പൻസേഷൻ കണക്കാക്കിയ പ്രവൃത്തികളുടേയെല്ലാം ജി.എസ്.ടി 2017-18ൽ അടച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. ഒരു നിശ്ചിത തുക അടച്ചതിന്റെ ചലാൻ/റിട്ടേൺ ആണ് ഹാജരാക്കിയത്. കോമ്പൻസേഷൻ കണക്കാക്കിയ എല്ലാ പ്രവൃത്തികളുടേയും ജി.എസ്.ടി അടച്ചു എന്ന് ഉറപ്പാക്കിയിട്ടില്ല. മാത്രമല്ല ബൈജു. പി.ഒ. എന്ന കരാറുകാരൻ ഒരു തുകയും ജി.എസ്.ടി. ഇനത്തിൽ അടച്ചതിന്റെ ചലാൻ/റിട്ടേൺ ഹാജരാക്കിയില്ല. കരാറുകാർക്ക് 2017-18 ൽ വിവിധ പ്രവൃത്തിയിനത്തിൽ നൽകിയ തുകയും ഈ പ്രൊജക്റ്റ് പ്രകാരം നൽകിയ ജി.എസ്.ടി. കോമ്പൻസേഷനും ചുവടെ ചേർക്കുന്നു.

| കരാറുകാരൻ | 2017-18 ൽ നിർവ്വഹിച്ച പ്രവൃത്തികൾക്ക് നൽകിയ തുക ₹ | നൽകിയ ജി.എസ്.ടി. കോമ്പൻസേഷൻ ₹ |
|---|---|---|
| [illegible] | | |

| | | |
|---|---|---|
| കെ.വി.ദിലീപ് കുമാർ | 565000 | 16950 |
| ബൈജു. പി.ഒ. | ~~2417449~~ | ~~72523~~ |
| നാരായണൻ കുട്ടി. പി. | 288290 | 8649 |
| നിതിൻ. വി.ആർ. | 488000 | 14640 |
| മുരളീധരൻ.കെ.കെ. | 470632 | 14119 |
| രമേഷ് ഇ.ആർ | 1194097 | 35823 |
| വിൻസന്റ് പി.എൽ. | 349003 | 10470 |
| സുബിൻ എം. | 481580 | 14447 |
| പ്രദീപൻ എം.എസ് | 753753 | 22613 |
| വിബിൻ പി വിൻസന്റ് | 611000 | 18330 |
| ജോഷി ജോർജ്ജ് | 326690 | 9801 |
| മുരളീധരൻ എ.ആർ. | 2776992 | 83310 |
| ആകെ | | 321675 |

മേൽ പറഞ്ഞ കരാറുകാർ പട്ടികയിൽ പറഞ്ഞിരിക്കുന്ന 2017-18 ൽ നിർവ്വഹിച്ച പ്രവൃത്തികൾക്ക് നൽകിയ തുകയുടെ ജി.എസ്.ടി. അടച്ചതിന്റെ രേഖകൾ, പ്രവൃത്തി പൂർത്തീകരിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ തിയതി എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം 8/11.7.2019)

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2018 | 150000 | പാലിന് സബ്സിഡി | 150000 | 0 |
| | 2018 | 955423 | ലൈഫ് ഭവന നിർമ്മാണം | 955423 | 0 |
| | 2018 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | 2018 | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് (എസ്.സി.) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | 2018 | 1410000 | ലൈഫ് ഭവനനിർമ്മാണം | 1410000 | 0 |
| | 2019 | 1062320 | ലൈഫ് ഭവനനിർമ്മാണം | 1062320 | 0 |
| | 2018 | 1724433 | ലൈഫ് ഭവനനിർമ്മാണം (എസ്.സി.) | 247000 | 1477433 |
| | 2018 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പൂത്തൂർ സ്കൂൾ റോഡ് കുടിവെള്ള പദ്ധതി-പൂർത്തീകരണം | 21800988 | 200000 | 0 | 200000 |
| | ഇക്കാക്ക കുടിവെള്ളപദ്ധതി പൂർത്തീകരണം | 21800987 | 200000 | 200000 | 0 |
| | ശങ്കരംകണ്ടം മെഡിക്കൽകോളേജ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 21500986 | 300000 | 300000 | 0 |
| | കൃഷിഭവൻ കുടിവെള്ള പദ്ധതി പൂർത്തീകരണം | 21500985 | 200000 | 0 | 200000 |
| | മൈലാംകുളം വായനശാല കുടിവെള്ള പദ്ധതി പൂർത്തീകരണം | 21500984 | 300000 | 300000 | 0 |
| | കൊളമ്പ്രൻ മിച്ച ഭൂമി കുടിവെള്ള പദ്ധതി പൂർത്തീകരണം | 21500983 | 300000 | 300000 | 0 |
| | പേരാമംഗലം | 21801035 | 200000 | 0 | 200000 |

| | | | | | |
|---|---|---|---|---|---|
| | ഹൈസ്കൂൾ റോഡ് കുടിവെള്ള പദ്ധതി പൂർത്തീകരണം | | | | |
| | നീലങ്കാവിൽ കുടിവെള്ള പദ്ധതി പൂർത്തീകരണം | 21801034 | 400000 | 400000 | 0 |
| | മജ്‌ലിസ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 21801037 | 292249 | 292249 | 0 |
| | പഴമുക്ക് കുടിവെള്ള പദ്ധതി പൂർത്തീകരണം | 21801039 | 500000 | 0 | 500000 |
| | ആണ്ടപ്പറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 21801038 | 164464 | 164464 | 0 |
| | പൂത്തൂർ സ്കൂൾ കുടിവെള്ള പദ്ധതി- പൂർത്തീകരണം | 21801036 | 220000 | 0 | 220000 |
| | കുടിവെള്ള പദ്ധതികളുടെ അറ്റക്കുറ്റപ്പണികൾ | 21801558 | 72175 | 72175 | 0 |
| | ആകെ | | 33,48,888 | 20,28,888 | 13,20,000 |
| സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈൻ വലിക്കൽ 2017-18 | 21800960, 21800961 | 565000 | 0 | 565000 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ 2017-18- ബാക്കി തുക അടവാക്കൽ | 21800757, 21800208 | 157775 | 0 | 157775 |
| | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് | 21800758 | 89286 | 0 | 89286 |
| | സ്ട്രീറ്റ് ലൈൻ വലിക്കൽ 2018-19 | 21800183 | 35872 | 0 | 35872 |
| | ആകെ | | 8,47,933 | | 8,47,933 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 885/2010/LSGD dt.16.3.2010 | 4647500 | 708071 | 450000 | | 2,58,071 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | III/2018/LSGD dt.13.8.2018 | 10120000 | 0 | 0 | 0 | 10120000 |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| ആകെ | 5000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | 24.7.2018 | 12 മാസം | 5000000 | 8.25%പലിശ |
| ആകെ | | | | 5000000 | |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 507866 രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ | തിയതി |
|---|---|---|---|---|---|
| 2016-17 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-5 | 600 | സെക്രട്ടറി, മിൽക്ക് പ്രൊഡ്യൂസേഴ്സ് സഹകരണസംഘം, പേരാമംഗലം | 118030100077 | 4.4.18 |
| തൃശ്ശൂർ ജില്ലാ ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 15.11.17 ലെ കെ.എസ്.എ.ടി.എസ്.ആർ.(പെൻ)1350/17 നമ്പർ കത്ത് പ്രകാരം അടവാക്കിയ തുക | | 1468 | സി.ഉഷ, മുൻ ജൂനിയർ സൂപ്രണ്ട് | 118030100126 | 5.4.18 |
| 2017-18 (ഓഡിറ്റ് എൻക്വയറി) | | 1250 | മാനേജർ, ടെറാകോൺ, പെരിങ്ങന്നൂർ | 118030101437 | 21.05.18 |
| 2016-17 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-6(7) | 1000 | മാനേജർ, ടെറാകോൺ, പെരിങ്ങന്നൂർ | 118030101438 | 21.5.19 |
| 2016-17 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-6(8) | 1000 | മാനേജർ, ടെറാകോൺ, പെരിങ്ങന്നൂർ | 118030101439 | 21.5.19 |
| 2016-17 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-8(1) | 482508 | ജിത അലോക്, വൈക്കത്ത് കാട്ടിൽ വീട്, നൈൽ ഹോസ്പിറ്റൽ | 118030105476 | 13.11.19 |
| 2017-18 (സംസ്ഥാന | | 1250 | മാനേജർ, | 118030101440 | 21.5.19 |

| | | | | | |
|---|---|---|---|---|---|
| ഓഡിറ്റ് വകുപ്പ് ) | | | ടെറാഫ്ലോർ, പെരിങ്ങന്നൂർ | | |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 714 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030105616 | 16.11.18 |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 877 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030105617 | 16.11.18 |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 877 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030105618 | 16.11.18 |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 877 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030105619 | 16.11.18 |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 854 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030105620 | 16.11.18 |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 1100 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030107213 | 14.01.19 |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 1100 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030107215 | 14.01.19 |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 981 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030107217 | 14.01.19 |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 671 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030107219 | 14.01.19 |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 671 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030107221 | 14.01.19 |
| 2017-18 (സംസ്ഥാന ഓഡിറ്റ് വകുപ്പ് ) | 2-2 | 671 | ജോബി മാത്യു, താടിക്കാരൻ വീട്, പേരാമംഗലം | 118030107223 | 14.01.19 |
| 2013-14 to 2017-18 AG's Audit | 7(സി) | 4000 | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 41800236 (വൗ.നം) | 1.3.19 |
| 2013-14 to 2017-18 AG's Audit | 7(ഇ) | 2500 | റോണി അഗസ്റ്റിൻ | 41800275 (വൗ.നം) | 23.3.19 |
| 2013-14 to 2017-18 AG's Audit | 7(ഇ) | 2120 | സെക്രട്ടറി | 41800345 (വൗ.നം) | 31.3.19 |
| 2013-14 to 2017-18 AG's Audit | 7(ഇ) | 777 | സെക്രട്ടറി | 41800346 (വൗ.നം) | 31.3.19 |
| ആകെ | | 507866 | | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 25 | 2003-04 | 3.8.1.1 | കായികശില്പശാല: അംഗീകാരമില്ലാതെ ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 1999-2000 | 4 | 2003-04 | 3.8.1.2 | സർക്കാർ നിരക്ക് അധികരിച്ച് സബ്സിഡി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 1999-2000 | 43 | 2003-04 | 3.8.1.3 | മരാമത്ത് വേലകൾക്ക് അധിക ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2.1 | 2016-17 | 2.2 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗീകൃത ബിൽഡിംഗ് സൂപ്പർവൈസർമാർ, എഞ്ചിനീയർമാർ, പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് പ്രതിഫലം കൈപ്പറ്റിയിട്ടുള്ള കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് | ജില്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ മുമ്പാകെ ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |
| 2016-17 | 3-17 | 2017-18 | 1.8 എ | നിഷ്ക്രിയ ആസ്തികൾ പ്രയോജനപ്രദമാക്കുന്നതിന്/ കൈയ്യൊഴിക്കുന്നതിന് സത്വര നടപടികൾ ഉണ്ടാകുന്നില്ല | 19.9.2014 ലെ സ,ഉ.(അ)നം.209/2014 എസ് ആന്റ് വൈ എ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് സ്പോർട്സ് കായിക സമുച്ചയം നിർമ്മിക്കുന്നതിന് 28500000 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും മുൻകൂറായി 13.01.2015 ലെ സ.ഉ.(അ)നം.265/2015 ധന |

| | | | | | |
|---|---|---|---|---|---|
| | | | | | ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. പ്രവൃത്തി നടത്തുന്നതിനുള്ള ഭരണാനുമതി തുകയിൽ ബാക്കി തുക തുടർ വർഷങ്ങളിൽ സർക്കാർ ബജറ്റിൽ വകയിരുത്താത്ത സാഹചര്യത്തിലാണ് പ്രവൃത്തി ആരംഭിക്കുന്നതിനും തുക ചെലവഴിക്കുന്നതിനും കഴിയാതിരുന്നത്. ഗ്രാമപഞ്ചായത്തിന്റെ പരിശ്രമഫലമായി 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ അനുവദിച്ച് ലഭിച്ച 10 ലക്ഷം രൂപക്ക് പുറമെ 19400000 രൂപ കൂടി 26.4.2018 ലെ സ.ഉ.(ആർ.ടി.)നം.69/2018 എസ് ആന്റ് വൈ എ നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളതും യുവജനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. നിർമ്മാണം പൂർത്തീകരിക്കുന്നതോടെ മൾട്ടിപർപ്പസ് സ്റ്റേഡിയം കായിക വികസനത്തിന് ഒരു മുതൽക്കൂട്ടാകുമെന്ന് ഗ്രാമപഞ്ചായത്തിന് ഉറപ്പായതിനാൽ പരാമർശം ഒഴിവാക്കി തരുന്നതിന് നിയമസഭാസമിതിയോട് അപേക്ഷിക്കുന്നതിന് 19.6.19 ലെ 4(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി നിശ്ചയിച്ചിട്ടുണ്ട്. |
| 2016-17 | 3-17 | 2017-18 | 1.8 ബി | നിഷ്ക്രിയ ആസ്തികൾ പ്രയോജന | പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന |

| | | | | | |
|---|---|---|---|---|---|
| | | | | പ്രദമാക്കുന്നതിന്/ കൈയ്യൊഴിക്കുന്നതിന് സത്വരനടപടികൾ ഉണ്ടാകുന്നില്ല | മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് തല ശുചിത്വ സമിതിക്ക് പിക്ക് അപ്പ് വാൻ കൈമാറുന്നതിനും പരാമർശം ഒഴിവാക്കി തരുന്നതിന് നിയമസഭാസമിതിയോട് അപേക്ഷിക്കുന്നതിനും 19.6.19 ലെ 4(2) നമ്പർ തീരുമാനപ്രകാരം ഭരണസമിതി നിശ്ചയിച്ചിട്ടുണ്ട്. |
| | | 2017-18 | അനുബന്ധം 5 | നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമച്ചിട്ടില്ല | സൺലൈറ്റ് കുടിവെള്ളപദ്ധതി പൂർത്തീകരിക്കുകയും ഭൂജലവകുപ്പിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതുമായതിനാൽ ബന്ധപ്പെട്ട പരാമർശം ഒഴിവാക്കി തരുന്നതിന് നിയമസഭാസമിതിയോട് അപേക്ഷിക്കുന്നതിനും 19.6.19 ലെ 4(3) നമ്പർ തീരുമാനപ്രകാരം ഭരണസമിതി നിശ്ചയിച്ചിട്ടുണ്ട്. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 95,986,284 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 88,436,269 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,22,597 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
|---|---|---|---|
| ഇല്ല | | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 25000 | ശ്രീ.ബിനൂപ്.കെ.സി. |
| 3-4 | 9150 | ശ്രീമതി.പൂർണ്ണിമാദാസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-5 | 5,88,447 | ഡോ.ചിന്ത.കെ.പി., മെഡിക്കൽ ഓഫീസർ |
| 3-8 | 7,00,000 | ജോയ്സി.കെ.ഐ., ഹെഡ്മിസ്ട്രസ്സ് |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിനൂപ്.കെ.സി. | ജൂനിയർ സൂപ്രണ്ട്, കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് | കാട്ടിൽ വീട്, പുത്തൻപള്ളി, വരാപ്പുഴ പി.ഒ, എറണാകുളം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1979-80,<br>80-81,<br>81-82,<br>82-83,<br>83-84,<br>84-85,<br>85-86,<br>87-88,<br>88-89,<br>89-90,<br>90-91,<br>91-92 | എൽ. എഫ്.ടി.എസ്.2-927/11/.28.10.11/05.01.12 | |
| 1992-93, 1993-94 | എൽ .എഫ്.ടി.9-866/95/16/10/96 | |
| 1994-95, 1995-96 | എൽ . എഫ്.ടി.9-26/98/03.04.98 | |
| 1996-97 | എൽ . .എഫ്.ടി.9/367/98/06.10.98 | |
| 1997-98 | എൽ . എഫ്.ടി.9 -1460/1/ 98/22.07.99 | |
| 1998-99 | എൽ . എഫ്.ടി.21-1229/2000/ 24.10.2000 | |
| 1999-2000 | എൽ.എഫ്.ടി.12-1348/02/23.01.03 | |
| 2000-01,<br>2001-02<br>ജനകീയാസൂത്രണം | എൽ.എഫ്.ടി.12-1584/03/11.03.04 | |
| 2001-02 | എൽ.എഫ്.ടി.12-1535/07/22.09.08 | |
| 2002-03 | എൽ.എഫ്.ടി.12-1533/07/22.09.08 | |
| 2003-04 | എൽ.എഫ്.ടി.12-1532//07/ 22.09.08 | |
| 2004-05 | എൽ.എഫ്.ടി-12/09/06.04.1/<br>10.05.10 | |
| 2005-06 | എൽ.എഫ്.ടി.12/1379/09/<br>20.07.10 | |
| 2006-07 | എൽ.എഫ്.ടി.12-1380/09/<br>20.07.10 | |
| 2007-08 | എൽ.എഫ്.ടി.(പി3) 1617/11/ 21.12.11 | |
| 2008-09 | എൽ.എഫ്.ടി.(പി3)-1615/11/ 21.12.11/03.04.12 | |
| 2009-10,<br>2010-11 | എൽ.എഫ്.ടി.പി3-1347/12/ 22.11.12/08.03.13 | |
| 2011-12 | എൽ.എഫ്.ടി.(പി3)-2077/13/ 14.03.14/03.06.14 | |
| 2012-13 | എൽ.എഫ്.ടി.(പി3)1231/14/ 01.12.2014 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി3)699/15/28.09.15/15.10.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി3)713/16/26.05.16 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ (പി3) 1729/15/19.10.16 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ (പി3) 1225/17/10.08.17 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ (പി3)<br>1604/18/23.11.18/07.12.18 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# <u>അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ

# അനുബന്ധം -2 വാർഷികധനകാര്യപത്രികയുടെ സംക്ഷിപ്തം

| | |
|---|---|
| സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട് |
| 1. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3. ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ